## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 502 | 04.02.2020-ൽ മറുപടി നൽകേണ്ടിയിരുന്നത് |
|---|---|

## ജി.എസ്.ടി. യിലൂടെയുള്ള നികുതി വരുമാനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ.സി. ജോസഫ് | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | നടപ്പ് സാമ്പത്തിക വർഷം ജി.എസ്.ടി. യിലൂടെയുള്ള നികുതി വരുമാനം 30 ശതമാനം വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിട്ടിരുന്നുവോ; | (എ) | നടപ്പ് സാമ്പത്തിക വർഷം ജി.എസ്.ടി.യിലൂടെയുള്ള നികുതി വരുമാനം 30 ശതമാനം വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിട്ടിരുന്നു. |
| (ബി) | അത് നേടിയെടുക്കുവാൻ ഭരണപരമായ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; | (ബി) | ജി.എസ്.ടി. വരുമാനം 30 ശതമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>1. 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക റിട്ടേൺ ലഭ്യമാകുമ്പോൾ നികുതി കണക്കുകൾ സ്ക്രൂട്ടണൈസ് ചെയ്ത് വ്യാപാരികളുടെ വില്പന, വാങ്ങൽ വൗച്ചർ താരതമ്യപ്പെടുത്തി അനധികൃതമായി ഇൻപുട്ട് ക്രഡിറ്റ് എടുത്തതും അല്ലെങ്കിൽ ടേണോവർ കുറച്ചു കാണിച്ചതുമെല്ലാം കണ്ടുപിടിക്കാനാകും. നികുതി ചോർച്ചയിൽ നല്ലൊരു പങ്ക് തിരിച്ചു പിടിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. വാർഷിക റിട്ടേൺ നൽകേണ്ട അവസാന തീയതി 2020 ഫെബ്രുവരി 7 വരെ ജി.എസ്.ടി. കൗൺസിൽ നീട്ടി നൽകുകയുണ്ടായി.<br><br>2. ജി.എസ്.ടി.ആർ.-2 എ അടിസ്ഥാന മാക്കി ഇൻവോയ്സ് മാച്ചിംഗിന് ജി.എസ്.ടി.ആർ. 3 ബി, ജി.എസ്.ടി.ആർ.1 |

| | | | |
|---|---|---|---|
| | | | ഇവ തമ്മിലുള്ള താരതമ്യം, ഇ-വേ ബിൽ ഡേറ്റാ എന്നിവ യഥാസമയം പരിശോധനാ വിധേയമാക്കി നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>3. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം (എ.എൻ.പി.ആർ) പരീക്ഷണാടിസ്ഥാനത്തിൽ വാളയാർ ഹൈവേയിൽ നടപ്പിലാക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്കു വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഇ-വേ ബിൽ ഉണ്ടോ എന്ന് ഉറപ്പു വരുത്തുവാൻ പറ്റുമെന്ന് തെളിഞ്ഞിട്ടുണ്ട്. ഇ-വേ ബിൽ ഇല്ലാത്ത പക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. ഇതിനെ സംബന്ധിച്ച് പ്രധാന അതിർത്തി മേഖലകളിൽ ഈ സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള കരാർ നടപടികൾ പൂർത്തിയായി കഴിഞ്ഞു. GSTN തത്സംബന്ധമായ ഇ-വേ ബിൽ ഡേറ്റ തരുന്നതിനുള്ള സാങ്കേതിക സംവിധാനവും ലഭിച്ചു. ഇത് 2020 എപ്രിൽ മാസത്തോട് കൂടി പൂർണ്ണമായും ഉപയോഗമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.<br><br>4. KSEB, Polution Control Board, Food & Safety വകുപ്പ് എന്നിവിടങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിച്ച് അവ റിട്ടേണുമായി ഒത്തുനോക്കുന്ന പ്രക്രിയ തുടർന്നു വരുന്നു.<br><br>5. റിട്ടേൺ ഫയൽ ചെയ്യാത്തവരെ കണ്ടുപിടിച്ച് നൽകേണ്ട നികുതിയുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് നോട്ടീസ് നൽകി അസസ്സ്മെന്റുകൾ പൂർത്തിയാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | 6. ജി.എസ്.ടി. Back-end സംവിധാനം ഉപയോഗിച്ച് റിട്ടേണിലെ പൊരുത്തക്കേട് വിശദീകരിക്കുവാൻ വ്യാപാരികൾക്ക് നോട്ടീസ് നൽകിവരുന്നു.<br><br>7. നികുതി ചോർച്ച കണ്ടെത്തുന്നതിനും ശ്രദ്ധ കേന്ദ്രീകരിക്കേണ്ട ഫയലുകൾ കണ്ടെത്തുന്നതിനുമായി Indian Institute of Information Techonogly Kerala-യുമായി ചേർന്ന് വകുപ്പിന് Data Analytic സംവിധാനം ഏർപ്പെടുത്തി.<br><br>8. റിട്ടേൺ പരിശോധനയിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ ഇന്റലിജിൻസ് വിഭാഗം പരിശോധന നടത്തി നികുതി വെട്ടിപ്പിന്റെ പഴുതുകൾ തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ച വരുന്നു.<br><br>9. നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ച വാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ചരക്ക സേവന നികുതി വിതരണക്കാർക്കും ഉപഭോക്താക്കൾക്കും ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ച വരുന്നു. |
| (സി) | കൂടുതൽപേരെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിന് സ്ട്രീറ്റ് സർവ്വേ പോലുള്ളവ നടപ്പിലാക്കിയിട്ടുണ്ടോ; ഇതുമൂലം ജി.എസ്.ടി. രജിസ്ട്രേഷനിൽ വർദ്ധന വന്നിട്ടുണ്ടോ; | (സി) | കൂടുതൽ പേരെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിന് ഇന്റലിജൻസ് വിഭാഗം സ്ട്രീറ്റ് സർവ്വേ പോലുള്ളവ നടത്തുന്നുണ്ട്. ഇതിന്റെ ഫലമായി 31.03.2019 ൽ 3,40,300 രജിസ്ട്രേഷൻ ഉണ്ടായിരുന്നത് ഇപ്പോൾ (03.02.2020 വരെ) 3,51,589 ആയി വർദ്ധിച്ചിട്ടുണ്ട്. |
| (ഡി) | നികുതി വകുപ്പിന്റെ പുനഃസംഘടനയുടെ ഭാഗമായി എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ; വിശദമാക്കാമോ? | (ഡി) | 2017 ജൂലൈ 1 മുതൽ രാജ്യത്ത് ജി.എസ്.ടി. നടപ്പിലാക്കിയതിനെ തുടർന്ന് സംസ്ഥാന അതിർത്തിക്കുള്ളിൽ പ്രവർത്തിച്ച വന്നിരുന്ന വാണിജ്യ നികുതി ചെക്ക്പോസ്റ്റുകൾ നിർത്തലാക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ വകുപ്പിൽ നിലവിലുണ്ടായിരുന്ന |

| | | | |
|---|---|---|---|
| | | | ഇന്റലിജൻസ് സ്ക്വാഡുകളെ പുന:സംഘടിപ്പിച്ച്, സംസ്ഥാന അതിർത്തി കടന്നുവരുന്ന അന്തർ സംസ്ഥാന ചരക്കുനീക്കം പരിശോധിക്കുന്നതിലേയ്ക്കായി 24 മണിക്കൂറും പ്രവർത്തിക്കുന്ന 20 സർവ്വൈലൻസ് സ്ക്വാഡുകളും, സംസ്ഥാനത്തിനുള്ളിലൂടെയുള്ള ചരക്കു നീക്കം പരിശോധിക്കുന്നതിലേയ്ക്കായി 75 മൊബൈൽ സ്ക്വാഡുകളും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. റിട്ടേൺ ഫയൽ ചെയ്യാതിരിക്കൽ മുതലായ മറ്റ് മാനദണ്ഡങ്ങൾ എന്നിവ വിലയിരുത്തി കട പരിശോധനയും നടത്തി വരുന്നു. |

**സെക്ഷൻ ഓഫീസർ**